I/148522/2023

ഫയൽ നം : എ5/122/2023-റ്റിസി തിയതി : 12-09-2023

**സർക്കുലർ നം. 14/2023**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - സ്പാർക്ക് ബന്ധിത ആധാർ അധിഷ്ഠിത ബയോമെട്രിക്ക് ഹാജർ സംവിധാനം നടപ്പിലാക്കുന്നത്- സംബന്ധിച്ച്

സൂചന :- 1. സർക്കുലർ 2/2012
2.13.01.2020 തിയതിയിലെ സർക്കാർ ഉത്തരവ് ( സാധാ) 192/2020/പൊഭവ
3.14.07.2023 തിയതിയിലെ സർക്കാർ ഉത്തരവ് ( സാധാ) നം. 3253/2023/GAD

മോട്ടോർ വാഹന വകുപ്പിൽ ബയോമെട്രിക്ക് ഹാജർ സംവിധാനം 2012ൽ തന്നെ നടപ്പിലാക്കുകയും ആയതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദമായ സർക്കുലർ പരാമർശം 1 പ്രകാരം പുറപ്പെടുവിച്ചിരുന്നു. വകുപ്പ് ആസ്ഥാനത്തും മേഖലാ ഓഫീസുകളിലും തുടങ്ങുകയും പിന്നീട് എല്ലാ ഓഫീസുകളിലേക്കും വ്യാപിപ്പിക്കുകയും ചെയ്ത പ്രസ്തുത സംവിധാനം സ്പാർക്ക് ബന്ധിതമായിരുന്നില്ല.

സംസ്ഥാനത്തെ സർക്കാർ സ്ഥാപനങ്ങളിൽ സ്പാർക്ക് ബന്ധിത ആധാർ അധിഷ്ഠിത ബയോമെട്രിക്ക് ഹാജർ സംവിധാനം നടപ്പിലാക്കുന്നത് സംബന്ധിച്ച് വിവിധങ്ങളായ ഉത്തരവുകൾ സർക്കാർ പുറപ്പെടുവിക്കുകയും ആയത് പരാമർശം ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ളതുമാണ്. മോട്ടോർ വാഹന വകുപ്പിന്റെ ഹാജർ സംവിധാനം രേഖപ്പെടുത്തുന്നതിന് https://klmvd.attendance.gov.in എന്ന വെബ്ബ് സൈറ്റും തയ്യാറാക്കിയിട്ടുള്ളതാണ്.

ഈ സാഹചര്യത്തിൽ വകുപ്പിലെ ഹാജർ സംവിധാനങ്ങൾ സംബന്ധിച്ച് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ അസാധുവാക്കിക്കൊണ്ടും ചുവടെ ചേർക്കുന്ന നിർദേശങ്ങൾ പുറപ്പെടുവിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

1. മോട്ടോർ വാഹന വകുപ്പിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ബയോമെട്രിക്ക് ഹാജർ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
ഇതിനായി https://klmvd.attendance.gov.in/register/myemp എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.
എല്ലാ ഓഫീസ് മേധാവികളും തങ്ങളുടെ ഓഫീസിൽ ജോലി ചെയ്യുന്ന എല്ലാ ഉദ്യോഗസ്ഥരും ടി സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

2. പ്രസ്തുത സംവിധാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാർക്ക് അവരുടെ ഹാജർ നില https://klmvd.attendance.gov.in/auth/login എന്ന വെബ്ബ് സൈറ്റിൽ ലോഗിൻ ചെയ്ത് കാണാവുന്നതാണ്. പ്രസ്തുത ഹാജർ സ്പാർക്ക് ലോഗിനിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പാക്കുവാൻ spark.gov.in -ൽ പ്രവേശിച്ച് Service matters എന്ന മെനുവിന് കീഴിലുള്ള Attendance എന്ന ബട്ടനു കീഴിലുള്ള Attendance Details of Individual എന്ന ഓപ്ഷനിൽ പരിശോധിക്കാവുന്നതാണ്. അറ്റൻഡൻസ് സിസ്റ്റത്തിൽ ഹാജർ രേഖപ്പെടുകയും സ്പാർക്കിൽ രേഖപ്പെടാതിരുക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ടി വിവരം വകുപ്പ് ആസ്ഥാനത്ത് ഉടനടി അറിയിക്കേണ്ടതാണ്.
3. പുതുതായി ജോലിയിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് അന്നേ ദിവസം തന്നെ പെർമനന്റ്

എംപ്ളോയീ നമ്പർ (PEN) ലഭ്യമാക്കേണ്ടതും ബയോമെട്രിക്ക് സംവിധാനം ഉപയോഗിച്ച് ഹാജർ രേഖപ്പെടുത്തേണ്ടതുമാണ് എന്നത് ഉൾപ്പടെയുള്ള സർക്കാർ ഉത്തരവ്( സാധാ) നം. 192/2020/പൊഭവ യിലെ നിർദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്. ആയത് എല്ലാ ഓഫീസ് മേധാവിമാരും/ ഡി ഡി ഓ മാരും ഉറപ്പ് വരുത്തേണ്ടതാണ്.

4. പരാമർശം 2 സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ചുവടെ ചേർക്കുന്ന വിഭാഗം ഉദ്യോഗസ്ഥരെ ബയോമെട്രിക്ക് പഞ്ചിങ്ങ് സംവിധാനത്തിൽ നിന്നും ഒഴിവാക്കുന്നു. ടി ഉദ്യോഗസ്ഥർക്കായി ഓഫീസ് മേധാവിയുടെ പക്കൽ ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതും ആയത് കൃത്യമായി പരിപാലിക്കേണ്ടതുമാണ്.
   a. ഡ്രൈവർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നീ തസ്തികകളിലെ ഉദ്യോഗസ്ഥർ.
   b. സർക്കാർ ഉത്തരവ് (കൈ) നം2/2023/SJD തിയതി 11.05.2023 പ്രകാരം ഇളവ് നേടിയിട്ടുള്ള 40 ശതമാനമോ അതിൽ അധികമോ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കൾ.
   c. ആധാർ ഡേറ്റാബേസിൽ ബയോമെട്രിക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടും പഞ്ച് ചെയ്യുവാൻ സാധിക്കാത്ത ഉദ്യോഗസ്ഥർ.
5. എല്ലാ ഓഫീസ് മേധാവികളും സർക്കാർ ഉത്തരവ് ( സാധാ) 192/2020/പൊഭവ തിയതി 13.01.2020, സർക്കാർ ഉത്തരവ് ( സാധാ) നം 3253/2023/GAD തിയതി 14.07.2023 എന്നിവ തങ്ങളുടെ ഓഫീസിലെ എല്ലാ ജീവനക്കാർക്കും സർക്കുലേറ്റ് ചെയ്യേണ്ടതാണ്. ആയതിൽ വിശദമായി പരാമർശിച്ചിരിക്കുന്ന ബയോമെട്രിക്ക് ഹാജർ സംവിധാനം സംബന്ധിച്ചുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.
6. സാധാരണ ഓഫീസ് സമയത്തിന് പുറമേ പ്രവർത്തിക്കേണ്ടി വരുന്നതിനാലാണ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ തസ്തികയിലെ ഉദ്യോഗസ്ഥരെ നിലവിൽ ഒഴിവാക്കിയിരിക്കുന്നത്. ടി ഉദ്യോഗസ്ഥർ ഡ്യൂട്ടി സമയം ഓഫീസിൽ/ ഫീൽഡിൽ ഹാജരാകുന്നുണ്ട് എന്ന് നിയന്ത്രണ അധികാരി ഉറപ്പാക്കേണ്ടതും ശമ്പള ബിൽ തയ്യാറാക്കുന്ന സെക്ഷനിൽ ടി ഉദ്യോഗസ്ഥരുടെ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതുമാണ്. സ്പാർക്ക് ബന്ധിത സിസ്റ്റത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് എങ്കിലും ടി ഉദ്യോഗസ്ഥർ ഓഫീസിൽ വരുമ്പോഴും പോകുമ്പോഴും ബയോമെട്രിക്ക് മെഷീനിൽ ഹാജർ രേഖപ്പെടുത്തേണ്ടതാണ്.
7. ആധാർ ഡേറ്റാബേസിൽ ബയോമെട്രിക്ക് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തിട്ടും പഞ്ച് ചെയ്യുവാൻ സാധിക്കാത്ത ഉദ്യോഗസ്ഥരുടേയും സർക്കാർ ഉത്തരവ് (കൈ) നം2/2023/SJD തിയതി 11.05.2023 പ്രകാരം 40 ശതമാനമോ അതിൽ അധികമോ ഭിന്നശേഷിത്തമുള്ള കുട്ടികളുടെ മാതാപിതാക്കളുടേയും ഹാജർ ബന്ധപ്പെട്ട് സൂപ്പർവൈസറി ഓഫീസർമാർ നിരീക്ഷിക്കേണ്ടതും സർക്കാർ ഉത്തരവ് ( സാധാ) നം 3253/2023/GAD തിയതി 14.07.2023 യിൽ വ്യവസ്ഥ ചെയ്യും പ്രകാരം ശമ്പള ബിൽ തയ്യാറാക്കുന്ന സെക്ഷനിൽ ടി ഉദ്യോഗസ്ഥരുടെ അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതുമാണ്.
8. ഓഫീസ് മേധാവികൾ വകുപ്പ് ആസ്ഥാനത്തെ ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ ഫീൽഡ് ഡ്യൂട്ടി, ഇൻസ്പെക്ഷൻ എന്നിവയിൽ ഏർപ്പെടുന്ന പക്ഷം ആയത് സ്പാർക്കിൽ ചേർത്ത് ക്രമീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ചുള്ള നടപടിക്രമങ്ങൾ സർക്കാർ ഉത്തരവ് ( സാധാ) നം 3253/2023/GAD തിയതി 14.07.2023 വിൽ

I/148522/2023

വിശദമാക്കിയിട്ടുള്ളതാണ്.

9. മാനുവൽ ഓഫ് ഓഫീസ് പ്രൊസീഡ്യുർ അനുശാസിക്കും പ്രകാരമുള്ള ഹാജർ പുസ്തകം ഇനി ഒരു അറിയിപ്പ് ഉണ്ടാകുന്നത് വരെ തുടരേണ്ടതാണ് എന്ന സർക്കാർ ഉത്തരവ് ( സാധാ) 192/2020/പൊഭവ തിയതി 13.01.2020 ലെ നിർദേശം പാലിക്കേണ്ടതാണ്.

Signed by
S Sreejith I P S
Date: 12-09-2023 11:34:32

S SREEJITH I P S
TRANSPORT COMMISSIONER

സ്വീകർത്താവ് :- 1.എല്ലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരും 2.എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും 3.എല്ലാ എൻഫോർസ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും
4.എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരും

പകർപ്പ് : - 1.ഗതാഗത കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ലാ ഓഫീസർ സീനിയർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവരുടെ സി എ മാർ
2. അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസർ, അക്കൗണ്ട്സ് ഓഫീസർ, അസിസ്റ്റന്റ് സെക്രട്ടറി എസ് റ്റി എ
3. ഗതാഗത കമ്മീഷണറേറ്റിലെ എല്ലാ സെക്ഷൻ സൂപ്രണ്ട്മാരും സെക്ഷനുകളും
4. സീനിയർ സൂപ്രണ്ട് എസ് എസ് ജി സെൽ ( വകുപ്പ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)